707

വിഷയം : ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദാലത്ത് - ഡോക്കറ്റ് നമ്പർ - 707 പരാതി സംബന്ധിച്ച്

സൂചന : ശ്രീ മാത്യു ആൻഡ്രൂസ് , മെയ് വില്ല , തനമ്പാട്ട് താഴം, വേങ്ങേരി എന്നവരുടെ പരാതി

ബഹു : തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അദാലത്തിൽ ശ്രീ മാത്യു ആൻഡ്രൂസ് , മെയ് വില്ല , തനമ്പാട്ട് താഴം, വേങ്ങേരി എന്നവർ നൽകിയ പരാതിയെ സംബന്ധിച്ച് ജോയിൻറ് ഡയറക്ടർഓഫീസിൽ നിന്നും ഫോൺ മുഖാന്തിരം അറിയിപ്പ് ലഭിച്ചതിനെ തുടർന്ന് അപേക്ഷകനായ ശ്രീ മാത്യു ആൻഡ്രൂസ് എന്നിവരുമായി നേരിട്ട് ബന്ധപ്പെട്ട് ആധാർ കാർഡിൻറെ പകർപ്പ് ലഭ്യമാക്കി, സെക്ഷൻ ക്ലാർക്കിൻറെ ലോഗിനിൽ നിന്നും ആധാർ കാർഡ് കെട്ടിട നമ്പറുമായി ലിങ്ക് ചെയ്ത് വിവരം അപേക്ഷകനെ ഫോൺ മുഖാന്തിരം അറിയിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു. ശ്രീ അനീഷ് കെ , അസിസ്റ്റൻറ് സെക്രട്ടറി , ടാക്സ്-1 നൽകിയ വിശദീകരണം ഇതോടൊന്നിച്ച് സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

ജോയിൻറ് കോർപ്പറേഷൻ സെക്രട്ടറി
കോഴിക്കോട്മുൻസിപ്പൽ കോർപ്പറേഷൻ

ഭരണഭാഷ-മാതൃഭാഷ


**കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്**
**കോഴിക്കോട് 673032**
**ഫോൺ: 0495- 2365040**
https://kozhikodecorporation.lsgkeral.gov.in, secretarykkd@gmail.com


---

**തീയതി:19/10/2024**

**തദ്ദേശ അദാലത്ത് - റിപ്പോർട്ട്**

വിഷയം:- കോഴിക്കോട് നഗരസഭ - റവന്യൂ വിഭാഗം -തദ്ദേശ ഫയൽ അദാലത്ത് - റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:- ഡോക്കറ്റ് നമ്പർ CRKZDC017000707.

................

ബിൽഡിങ് ഐ.ഡി കെ-സ്മാർട്ടുമായി ലിങ്ക് ചെയ്യുന്നതിനുള്ള അപേക്ഷ 19/01/2024 തീയതിയിൽ സമർപ്പിച്ചുവെങ്കിലും യാതൊരുവിധ നടപടിയും എടുത്തിട്ടില്ലെന്നാണ് പരാതി.

അപേക്ഷകന്റെ പരാതി 19/01/2024 തിയ്യതിലാണ് ലഭിച്ചിട്ടുള്ളത്. ഞാൻ ഈ ഓഫീസിൽ റവന്യൂ വിഭാഗത്തിൽ ചാർജ്ജ് എടുക്കുന്നത് 03/09/2024 തീയതിയിലാണ്. ഇത്തരം അപേക്ഷകൾ സാങ്കേതിക തകരാർ കാരണമാണ് ലിങ്ക് ചെയ്യപ്പെടാതിരുന്നതെന്ന് കാണുന്നു. നിലവിൽ പരാതിക്കാരന്റെ പരാതി പരിഹരിച്ചിട്ടുള്ളതാണെന്ന്ബന്ധപ്പെട്ട സൂപ്രണ്ട് അറിയിച്ചിട്ടുള്ളതാണ്.

**അനീഷ്.എം,**
**അസിസ്റ്റന്റ് സെക്രട്ടറി,**
**കോഴിക്കോട് കോർപ്പറേഷൻ**

കെസികെ19/10/2024